ഉത്തരം

(എ) 27-4-1976-ൽ.

(ബി) 20 വർഷത്തെ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ സോണിംഗ് റെഗുലേഷൻ 31-5-2007-ൽ റിവൈസ് ചെയ്തിട്ടുണ്ട്.

(ഡി) നഗര വിസ്തൃതി വീണ്ടും കൂടിയതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള വികസനങ്ങൾ പരിഗണിച്ചും നഗര പ്രദേശവും ചുറ്റുമുള്ള പഞ്ചായത്തുകളും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് ജൂലായ് 2011-ൽ അന്തിമ രൂപത്തിലാകുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ഘടന

136 (1894) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ഘടനയിൽ പുതുതായി എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്നറിയിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഞ്ചായത്ത് രാജ് നഗരസഭാ ചട്ടങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) സ്റ്റാന്റിംഗ് കമ്മിറ്റികളിലെ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്താനായി എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും 2009-ൽ വന്ന ഭേദഗതികൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ സംഗതിയിൽ 3-ൽ നിന്നും 4 ആയും മുനിസിപ്പൽ കൗൺസിലുകളിൽ 5-ൽ നിന്നും 6 ആയും മുനിസിപ്പൽ കോർപ്പറേഷനുകളിൽ 7-ൽ നിന്നും 8 ആയും വർദ്ധിപ്പിക്കുകയും പുതിയതായി രൂപീകരിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഏതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ടുകളിലെ ഭേദഗതിയനുസരിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണത്തിലും അവയുടെ ഘടനയിലും അംഗങ്ങളുടേയും ചെയർമാന്റേയും തെരഞ്ഞെടുപ്പ് രീതിയിലും വന്ന മാറ്റങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട ചട്ടങ്ങളിലും ഭേഗതി വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ത്രീ സംവരണത്തിന് വ്യവസ്ഥ ചെയ്തതിനുപുറമേ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലാക്കിക്കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടായിരിക്കേണ്ട ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിക്കൊണ്ടും മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ കേരള പഞ്ചായത്ത് രാജ്/ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ സംവരണം 50% ആയി ഉയർത്തിക്കൊണ്ട് നിയമഭേദഗതികൾ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ അർഹമായ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിലേക്കായി വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഒരംഗത്തിന്റെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടത്തിൽ ഭേഗതി വരുത്തിയിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ സ്ഥാനങ്ങളുടെ 50%-വും സ്ത്രീകൾക്കായി സംവരണം ചെയ്ത് നിയമങ്ങളിലും ചട്ടങ്ങളിലും ഭേഗതി വരുത്തിയിട്ടുണ്ട്. അതുപ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ ഏതൊക്കെയാണ് എന്ന് നിശ്ചയിച്ച് വിജ്ഞാപനങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

ബി.പി.എൽ. ലിസ്റ്റിലെ അപാകത

137 (1895) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പരിപാടിയിൽ ഉൾപ്പെടുത്തി മരുന്നു നൽകുന്ന കാൻസർ, കിഡ്നി, ഹൃദയ, ശ്വാസകോശ രോഗികൾ ബി.പി.എൽ. പട്ടികയിൽപ്പെടുന്നില്ലെങ്കിൽ അവർക്ക് സൗജന്യമായി മരുന്നു നൽകേണ്ടതില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ നിലവിലുള്ള ബി.പി.എൽ. പട്ടിക കുറ്റമറ്റതാണെന്ന് സർക്കാർ കരുതുന്നുണ്ടോ :

(സി) യഥാർത്ഥത്തിൽ ബി.പി.എൽ. പട്ടികയിൽപ്പെടുത്തേണ്ടവരെ എപിഎൽ പട്ടികയിലും, മറിച്ചും ഉൾപ്പെടുത്തിയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നു കാണിച്ചുള്ള നിരവധി പരാതികൾ നിലനിൽക്കുന്ന കാര്യം സർക്കാരിനറിവുണ്ടോ : ഈ അപാകതകൾ പരിഹരിക്കാൻ ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ :

(ഡി) കുറ്റമറ്റ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കി അത് പ്രാബല്യത്തിൽ വരുന്നതുവരെ പാവപ്പെട്ട രോഗികൾക്കുള്ള സൗജന്യ മരുന്നും സേവനങ്ങളും അതേപടി തുടരാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly